**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 545** | **02-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസ് ഇല്ലാതെ അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസ് ഇല്ലാതെ അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 1087 എന്ന പേരിൽ ഒരു സംഘം തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ടി സംഘത്തിന്റെ കാറ്റഗറിക്കൽ സ്റ്റേറ്റ്മെന്റ് പ്രകാരം 1A(3) (b) Unlicensed Urban Co-operative Bank എന്ന വിഭാഗത്തിലാണ് 30-11-2001 ൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സഹകരണ ചട്ട ഭേദഗതിയിലൂടെ unlicensed Urban Co-operative Bank കൾ എല്ലാം തന്നെ അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്കിയിട്ടുള്ളതാണ്. എങ്കിലും ചാലക്കുടി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ആർ 1087 ആയത് പ്രകാരം നിയമാവലിയിൽ ടി ഭേദഗതി വരുത്തിയിട്ടില്ലാത്തതാണ്. |
| (ബി) | റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസോടുകൂടി എത്ര അർബൻ ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ; | (ബി) | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്കിംഗ് ലൈസൻസോടുകൂടി 60 അർബൻ സഹകരണ ബാങ്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ഉൾപ്പെടുത്തുന്നു. |
| (സി) | കേരളത്തിലെ അർബൻ ബാങ്കുകളിൽ എത്ര എണ്ണം ആർ.ബി.ഐ യുടെ ഫിനാൻഷ്യലി സൗണ്ട് ആൻറ് വെൽ മാനേജ്ഡ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (സി) | കേരളത്തിലെ അർബൻ ബാങ്കുകളിൽ 8 എണ്ണം ആർ.ബി.ഐ യുടെ ഫിനാൻഷ്യലി സൗണ്ട് ആന്റ് വെൽ മാനേജ്ഡ് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. പുതുപ്പള്ളി അദ്ധ്യാപക സഹകരണ ബാങ്ക് ലിമിറ്റഡ്.<br><br>2. കട്ടപ്പന അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ്.<br><br>3. നീലേശ്വരം അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം. എസ്.281 |

| | | | |
|---|---|---|---|
| | | | 4. ഒറ്റപ്പാലം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്<br><br>5. ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്<br><br>6. ഷൊർണൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ്.<br><br>7. എൽ.ഐ.സി ഓഫ് ഇന്ത്യ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്.<br><br>8. നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം. 3193 |
| (ഡി) | കേരളത്തിലെ അർബൻ ബാങ്കുകളിൽ ആർ.ബി.ഐ.യുടെ മാനദണ്ഡ പ്രകാരം എത്ര ബാങ്കുകൾ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെട്ടിട്ടുണ്ട്; ഇപ്രകാരം ഉൾപ്പെട്ട അർബൻ ബാങ്കുകളിൽ എത്ര ബാങ്കുകളിൽ നിക്ഷേപങ്ങളുടെ പലിശ നിരക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ പലിശ നിരക്കിന് തുല്യമാക്കിയിട്ടുണ്ട് വ്യക്തമാക്കാമോ ; | (ഡി) | റിസർവ്വ് ബാങ്കിന്റെ 23.08.2022 ലെ കത്ത് പ്രകാരം കേരളത്തിലെ അർബൻ സഹകരണ ബാങ്കുകളിൽ ആർ.ബി.ഐ യുടെ മാനദണ്ഡ പ്രകാരം 53 ബാങ്കുകൾ സൂപ്പർവൈസറി ആക്ഷൻ ഫ്രെയിംവർക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഉൾപ്പെട്ട അർബൻ ബാങ്കുകളിൽ 15 ബാങ്കുകളിൽ നിക്ഷേപങ്ങളുടെ പലിശ നിരക്ക് നാഷണലൈസ്ഡ് ബാങ്കുകളുടെ പലിശ നിരക്കിന് തുല്യമാക്കിയിട്ടുണ്ട്. |
| (ഇ) | കേരളത്തിലെ അർബൻ ബാങ്കുകളിൽ എത്ര ബാങ്കുകളിൽ ലിക്വഡേഷൻ നടപടികൾ നടന്നുവരുന്നുണ്ട്; ഏതെങ്കിലും നിക്ഷേപങ്ങൾ പിൻവലിക്കാൻ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | (ഇ) | കേരളത്തിലെ അർബൻ സഹകരണ ബാങ്കുകളിൽ ഒന്നിലും തന്നെ ലിക്വിഡേഷൻ നടപടികൾ നടന്നു വരുന്നില്ല. നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് രണ്ട് ബാങ്കുകളിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

Azadi Ka Amrit Mahotsav

GOVERNMENT OF KERALA

**നം.ഇ 6903265/അഗ്രി-സി1/2023-ധന**

**ധനകാര്യ (അഗ്രി-സി) വകുപ്പ്**
**തിരുവനന്തപുരം**
**തീയതി : 27.03.2023**

**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

സെക്രട്ടറി
കേരളനിയമസഭ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- പതിനഞ്ചാം കേരള നിയമസഭ-എട്ടാം സമ്മേളനം-നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 545-അന്തിമ മറുപടിയും കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും നല്കുന്നത്-സംബന്ധിച്ച്.

സൂചന :- 02.02.2023 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി മറുപടി നൽകേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 545

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 02.02.2023 ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി മറുപടി നല്കേണ്ടിയിരുന്ന നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 545 നുള്ള അന്തിമ മറുപടി, മറുപടി വൈകിയതിന്റെ കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റ്, ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഒപ്പിട്ട സ്റ്റേറ്റ്മെന്റ് എന്നിവയുടെ നിർദ്ദിഷ്ട എണ്ണം പകർപ്പുകൾ മേൽ നടപടിക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

ഉള്ളടക്കം:-

1. അന്തിമ മറുപടി - 1 പകർപ്പ്
2. ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഒപ്പിട്ട സ്റ്റേറ്റ്മെന്റ് - 1 പകർപ്പ്

വിശ്വസ്തതയോടെ

**സഞ്ജയ് എം.കൗൾ**
**ധനകാര്യ സെക്രട്ടറി (വ്യയം)**

GCPT. 4/1111/2022/30,000/S-16.

## അനുബന്ധം

| | | |
|---|---|---|
| 1 | തിരുവനന്തപുരം | നെയ്യാറ്റിൻകര സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ.931 |
| 2 | | തിരുവനന്തപുരം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ. 1959 |
| 3 | | എൽ.ഐ.സി. ഓഫ് ഇന്ത്യ സ്റ്റാഫ് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 3314 |
| 4 | | കരമന സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 1761 |
| 5 | | നെടുമങ്ങാട് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം. 3193 |
| 6 | | അനന്തശയനം സഹകരണ ബാങ്ക് ലിമിറ്റഡ് നം.478 |
| 7 | കൊല്ലം | കോസ്റ്റൽ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3036 |
| 8 | | കൊട്ടാരക്കര സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 1909 |
| 9 | | ദി ക്വയിലോൺ സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 960 |
| 10 | | കരുനാഗപ്പള്ളി താലൂക്ക് അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ക്യൂ.455 |
| 11 | പത്തനംതിട്ട | തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.3260 |
| 12 | | തിരുവല്ല അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 477 |
| 13 | | അടൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.1804 |
| 14 | ആലപ്പുഴ | ആലപ്പുഴ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.എ.67 |
| 15 | കോട്ടയം | കോട്ടയം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 421 |
| 16 | | കടുത്തുരുത്തി അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നം.കെ. 399 |
| 17 | | പുതുപ്പള്ളി അദ്ധ്യാപക അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നം.794 |
| 18 | | പാലാ അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ.1850 |
| 19 | | വൈക്കം അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1193 |
| 20 | | മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ കെ.4266 |
| 21 | | ചങ്ങനാശ്ശേരി സഹകരണ അർബൻ ബാങ്ക് ക്ലിപ്തം നമ്പർ 3195 |
| 22 | ഇടുക്കി | തൊടുപുഴ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ 394 |
| 23 | | കട്ടപ്പന അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ ഐ.101 |
| 24 | എറണാകുളം | മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.556 |
| 25 | | മട്ടാഞ്ചേരി സർവജനിക് സഹകരണ ബാങ്ക് ലിമിറ്റഡ് നം.3284 |
| 26 | | ആലുവ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.1623 |
| 27 | | മട്ടാഞ്ചേരി മഹാജെനിക് സഹകരണ ബാങ്ക് ലിമിറ്റഡ് നം.665 |
| 28 | | തൃപ്പൂണിത്തുറ പീപ്പിൾസ് അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് |

| | | |
|---|---|---|
| | | നം.51 |
| 29 | തൃശ്ശൂർ | ഗുരുവായൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.എഫ്.652 |
| 30 | | ഇരിങ്ങാലക്കുട ടൗൺ സഹകരണ ബാങ്ക് ലിമിറ്റഡ് നം.ബി.53 |
| 31 | | കൊടുങ്ങല്ലൂർ ടൗൺ സഹകരണ ബാങ്ക് ലിമിറ്റഡ് നം.102 |
| 32 | | തൃശ്ശൂർ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.87 |
| 33 | പാലക്കാട് | ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 1696 |
| 34 | | ഒറ്റപ്പാലം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1647 |
| 35 | | പാലക്കാട് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.997 |
| 36 | | ഷൊർണ്ണൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1639 |
| 37 | | നെന്മാറ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 155 |
| 38 | മലപ്പുറം | പൊന്നാനി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എം.372 |
| 39 | | കോട്ടക്കൽ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 1378 |
| 40 | | മഞ്ചേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 1726 |
| 41 | | നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.എഫ് 1043 |
| 42 | | തിരൂർ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.എഫ്.1818 |
| 43 | | പെരിന്തൽമണ്ണ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.1758 |
| 44 | | താനൂർ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.എം.510 |
| 45 | കോഴിക്കോട് | പയ്യോളി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എഫ്.1354 |
| 46 | | കാലിക്കറ്റ് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ 1538 |
| 47 | | ഫറോക്ക് സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി.2640 |
| 48 | | കുറ്റ്യാടി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ ഡി.2650 |
| 49 | | വടകര സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം. എഫ്.2263 |
| 50 | | നാദാപുരം സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം. ഡി.2648 |
| 51 | | ബാലുശ്ശേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നമ്പർ എൽ.എൽ.27 |
| 52 | | കേരള മർക്കന്റയിൽ സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.ഡി.2626 |

| | | |
|---|---|---|
| 53 | വയനാട് | സുൽത്താൻ ബത്തേരി സഹകരണ അർബൻ ബാങ്ക് ലിമിറ്റഡ് നം.ഡി.2034 |
| 54 | കണ്ണൂർ | തലശ്ശേരി അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം. എഫ്.1005 |
| 55 | | പയ്യന്നൂർ ടൗൺ സഹകരണ ബാങ്ക് ലിമിറ്റഡ് നം.സി.827 |
| 56 | | കണ്ണൂർ അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.സി.1534 |
| 57 | | പഴയങ്ങാടി അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.സി.975 |
| 58 | | തളിപ്പറമ്പ് അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം.സി.1407 |
| 59 | കാസർഗോഡ് | കാസർകോട് സഹകരണ ടൗൺ ബാങ്ക് ലിമിറ്റഡ് നം.സി.970 |
| 60 | | നീലേശ്വരം അർബൻ സഹകരണ ബാങ്ക് ലിമിറ്റഡ് നം. എസ്.281 |